പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 310 — 11.06.2012 ൽ മറുപടിക്ക്

## നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ടുള്ള സംഘടനകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, എം. ഉമ്മർ<br>,, പി. ബി. അബ്ദുൾ റസാഖ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) രാജ്യത്ത് നിലവിലുള്ള നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് ചില സംഘടനകൾ സ്വയം സൃഷ്ടിച്ച നിയമങ്ങൾ നടപ്പാക്കുകയും അണികളെ അക്രമങ്ങൾ നടത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി) നിയമവ്യവസ്ഥകൾ മറികടക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്യുന്നത് നിയമവാഴ്ച തകരാറാകും എന്ന ഭീതി ജനങ്ങളിൽ ഉളവാക്കാൻ കാരണമാകുമെന്നത് പരിഗണിച്ച് നിയമ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | എ) യും (ബി) യും | രാജ്യത്ത് നിലവിലുള്ള നിയമവ്യവസ്ഥകൾ പരിപാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തലാണ് സർക്കാരിന്റെ പരമപ്രധാനമായ ചുമതല. അവയെ വെല്ലുവിളിക്കുന്നഏത് പ്രവർത്തിക്കെതിരെയും നിയമാനുസൃതമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്. |
| (സി) ഇക്കാര്യത്തിൽ അഭിപ്രായ രൂപീകരണം നടത്താൻ രാഷ്ട്രീയ പാർട്ടികളുടെയും, സാമൂഹ്യ, സാംസ്കാരിക പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കുമോ? | (സി) | നിയമവാഴ്ച ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ കടമയും അതിനോട് സഹകരിക്കുകയെന്നത് ജനനന്മ ഇച്ഛിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ ഉത്തരവാദിത്വവുമാണ്. ഇക്കാര്യത്തിൽ പ്രത്യേകം അഭിപ്രായരൂപീകരണത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. |

സെക്ഷൻ ഓഫീസർ